**ഒമാന് വിദേശകാര്യ ചുമതലയുള്ള മന്ത്രി ഇന്ത്യ ഔദ്യോഗികമായി സന്ദര്ശിക്കുന്നു ( ഏപ്രില് 2-3, 2017 )**

മാർച്ച് 30, 2017

സുൽത്താനേറ്റ് ഓഫ് ഒമാനിലെ ഒമാന് വിദേശകാര്യ ചുമതലയുള്ള മന്ത്രി ഹിസ് എക്സലൻസി ശ്രീ യൂസുഫ് ബിന് അലാവി ബിന് അബ്ദുല്ല, ആദരണീയയായ കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിന്റെ ക്ഷണം സ്വീകരിച്ച് ഏപ്രില് 2-3, 2017 നു ഔദ്യോഗികമായി ഇന്ത്യ സന്ദർശിക്കുന്നു

ഇന്ത്യയും ഓമനും തമ്മില് വളരെ അടുത്തതും സൌഹൃദവുമുള്ള ബന്ധങ്ങള് ചരിത്രപരമായി ജനങ്ങള് തമ്മില് ഉള്ള ബന്ധങ്ങളിലൂടെയും നിരന്തരമായ ഉന്നത തല ഉഭയകക്ഷി സന്ദർശനങ്ങളിലൂടെയും നിലനിൽക്കുന്നതാണ് . വിദേശകാര്യത്തിന്റെ ചുമതലയുള്ള ഒമാന് മന്ത്രി ഇതിന് മുൻപേ ഫെബ്രുവരി, ജൂണ് 2014 ല് ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. കേന്ദ്ര വിദേശകാര്യ മന്ത്രി സുഷമ സ്വരാജ് തിരികെ സുൽത്താനേറ്റ് ഓഫ് ഒമാന് ഫെബ്രുവരി 17-18, 2015 ല് സന്ദർശിക്കുകയുമുണ്ടായി

ഇന്ത്യയുടെ ഗൾഫ് മേഖലയിലെ പ്രധാന വ്യാപാര പങ്കാളിയാണ് ഒമാന്, ഉഭയകക്ഷി വ്യാപാരം 2015-16 ല് 3.816 ബില്യണ് യുഎസ് ഡോളര് കവിഞ്ഞിരുന്നു . ഏകദേശം 688,000 ഇന്ത്യക്കാരുടെ ശക്തമായ സമൂഹം ഒമാനിലെ വികസനത്തിനും പുരോഗതിക്കും ശക്തമായ സംഭാവനകള് നല്കി വരുന്നത് പരക്കെ അംഗീകരിക്കപ്പെട്ടതാണ്

നടക്കുവാനിരിക്കുന്ന സന്ദർശനത്തില് ഇരു വശവും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ, മറ്റ് വിഷയങ്ങള് ചർച്ച ചെയ്യും

ന്യൂഡെൽഹി
മാർച്ച് 30, 2017